(സി) ഈ പണിക്ക് ഭരണാനുമതിയും, പ്രത്യേകാനുമതിയും, നൽകിയിട്ടുണ്ടോ ;

(ഡി) ഈ പണി എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തികരിക്കുവാനാവുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 36,50,000

(സി) ഇല്ല.

(ഡി) ഭരണാനുമതി നൽകിക്കഴിഞ്ഞാൽ മാത്രമേ ടെൻഡർ ചെയ്ത് പണി തുടങ്ങുവാൻ കഴിയുകയുള്ളു.

മടമ്പം റഗുലേഷൻ-കം-ബ്രിഡ്ജിന്റെ പ്രവൃത്തി ആരംഭിക്കാൻ നടപടി

33(236) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മടമ്പം റഗുലേറ്റർ-കം-ബ്രഡ്ജിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന് ഭരണാനുമതി ലഭിച്ചോ; എങ്കിൽ കോപ്പി ലഭ്യമാകുമോ ;

(സി) 2000-2001 വർഷത്തെ ബഡ്ജറ്റിൽ ഈ പണിക്ക് എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ;

(ഡി) ഇതിന്റെ പണി എന്നത്തേക്ക് ആരംഭിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇതിന്റെ രൂപകല്പന ഡിസൈൻ ചീഫ്, എൻജിനീയർ ചെയ്തുവരുന്നു.

(ബി) ലഭിച്ചു. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 17.67 ലക്ഷം രൂപ.

(ഡി) ഡിസൈൻ ലഭിച്ചാൽ ഉടൻതന്നെ പണത്തിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതാണ്.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി

34(237) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

---

†അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ മുള്ളംകുഴി ലിഫ്റ്റ് ഇറിഗേഷൻ, തൃക്കുളം ലിഫ്റ്റ് ഇറിഗേഷൻ, മണ്ണട്ടുമ്പാറ വിയർ-കം-ലോക്ക്, വെഞ്ചാലി ലിഫ്റ്റ് ഇറിഗേഷൻ, ഉള്ളണം ലിഫ്റ്റ് ഇറിഗേഷൻ എന്നീ പദ്ധതികളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ സംജാതമാകുന്ന അപകടസ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പദ്ധതികളുടെ ഭരണാനുമതി നൽകി എത്രയും വേഗം പണി പൂർത്തിയാക്കുവാനുള്ള അടിയന്തിര നടപടി സർക്കാർ കൈകൊള്ളുമോ ?

ഉത്തരം

(എ) കമ്മീഷൻ ചെയ്തുകഴിഞ്ഞിട്ടുള്ള ഈ പദ്ധതികളുടെ അറ്റകുറ്റപ്പണികളുടേയും സംരക്ഷണ പണികളുടേയും എസ്റ്റിമേറ്റ് കോഴിക്കോട് ചെറുകിട ജലസേചനവിഭാഗം സൂപ്രണ്ടിംഗ് എൻജിനീയർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) എത്രയുംവേഗം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആയുർവേദ ആശുപത്രിക്ക് കെട്ടിടം

35(238) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി പ്രോജക്ട് വക സ്ഥലം, ആയുർവേദാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്ഥലം കൈമാറ്റം ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ജലസേചനവകുപ്പിലെ എൻജിനീയർമാർക്ക് അർഹതപ്പെട്ട പ്രമോഷൻ നൽകാൻ നടപടി

36(239) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പിലെ എൻജിനീയർമാർക്ക് യഥാസമയം അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കാതെ സർവ്വീസിൽ നിന്നും വിരമിക്കേണ്ടി വരുന്ന അവസ്ഥയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly